വി.എ കബീർ

# ജനങ്ങളോടു പടവെട്ടുന്ന ജനറൽ മുശർറഫ്

**ബേനസീറിന്റെ** തിരിച്ചുവരവോടനുബന്ധിച്ചു നടന്ന സ്ഫോടനത്തെത്തുടർന്ന് കലുഷമായ പാക് രാഷ്ട്രീയ സ്ഥിതിഗതികൾ ജനറൽ പർവേസ് മുശർറഫ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതോടെ കൂടുതൽ കുഴമറിഞ്ഞിരിക്കുകയാണ്. അടിയന്തരാവസ്ഥയെക്കുറിച്ച ഭയാശങ്കകൾ നേരത്തേതന്നെ നിലനിന്നിരുന്നെങ്കിലും അടുത്ത വർഷം ജനുവരിയിലെ പ്രഖ്യാപിത തെരഞ്ഞെടുപ്പ് ഷെഡ്യൂളിന്റെ പശ്ചാത്തലത്തിൽ മുശർറഫ് അത്തരമൊരു നീക്കത്തിനു ധൃഷ്ടനാവുകയില്ല എന്നായിരുന്നു രാഷ്ട്രീയ നിരീക്ഷകർ കരുതിയിരുന്നത്. പ്രസിഡന്റ് പദത്തോടൊപ്പം സൈനികമേധാവിയുമെന്ന ഇരട്ടപദവിയുടെ ഭരണഘടനാ സാധുതയെ സംബന്ധിച്ച് സുപ്രീം കോടതിയുടെ അന്തിമവിധിക്ക് രണ്ടു നാൾ മാത്രം ബാക്കിനിൽക്കെയാണ് ജനറൽ അടിയന്തരാവസ്ഥയുടെ വെടിപൊട്ടിക്കുന്നത്. സുപ്രീം കോടതിവിധി തനിക്ക് അനുകൂലമാവാനിടയില്ലെന്ന ബലമായ വിശ്വാസമായിരിക്കാം ജനറലിന്റെ സാഹസത്തിനു കാരണം. അടിയന്തരാവസ്ഥാ പ്രഖ്യാപനാനന്തരം മുശർറഫ് രാഷ്ട്രത്തെ അഭിസംബോധന ചെയ്ത പ്രസംഗത്തിൽ ജുഡീഷ്യറിയെയും മാധ്യമങ്ങളെയും കുറ്റപ്പെടുത്തിയതിൽനിന്ന് ഇത് ഊഹിക്കാൻ സാധിക്കും. ജുഡീഷ്യറിയിൽനിന്ന് അടിക്കടി നേരിട്ടുകൊണ്ടിരിക്കുന്ന തിരിച്ചടികൾ കാക്കിവേഷം അഴിച്ചുവെക്കാൻ മടിക്കുന്ന പ്രസിഡന്റിനെ കുറച്ചുകാലമായി അസ്വസ്ഥപ്പെടുത്തിക്കൊണ്ടിരിക്കുകയായിരുന്നു. വാസ്തവത്തിൽ ഇങ്ങനെയൊരു ഇരട്ടപദവി പാക് ഭരണഘടനക്ക് തന്നെ വിരുദ്ധമാണ്. സിവിൽ സർവീസിലോ സൈനിക സർവീസിലോ പദവി വഹിക്കുന്ന ഒരാൾക്ക് പ്രസിഡന്റ് സ്ഥാനാർഥിയാകണമെങ്കിൽ സർവീസിൽനിന്ന് വിരമിച്ച് രണ്ടു വർഷം കഴിയണമെന്നാണ് നിയമം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ നിയമം ലംഘിച്ചുകൊണ്ടാണ് മുശർറഫ് പ്രസിഡന്റ് സ്ഥാനാർഥിയായി നാമനിർദേശം ചെയ്യപ്പെട്ടത്. തെരഞ്ഞെടുപ്പു മത്സരം കോടതി തടഞ്ഞില്ലെങ്കിലും ഫലപ്രഖ്യാപനം വിധിവരുന്നതുവരെ നീട്ടിവെക്കണമെന്ന് ഉപാധിവെച്ചു. മത്സരത്തിൽ മുശർറഫ് ഭൂരിപക്ഷം നേടി എന്നാണ് റിപ്പോർട്ട്. എങ്കിലും കോടതി നിർദേശം മാനിച്ച് ഔദ്യോഗിക ഫലപ്രഖ്യാപനമുണ്ടായില്ല. ഒരുതവണ താൻ പിരിച്ചുവിട്ടെങ്കിലും നിയമത്തിന്റെ ബലത്തിൽ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സ്ഥാനത്ത് പദവിയിൽ തിരിച്ചെത്തിയ ഇഫ്തിഖാർ ചൗധരി അധ്യക്ഷനായുള്ള സുപ്രീം കോടതി ബെഞ്ചിന്റെ വിധി അനുകൂലമാവാനുള്ള സാധ്യത വിരളമാണെന്ന് സ്വാഭാവികമായും ജനറൽ മണത്തറിഞ്ഞു. അത് മുൻകൂട്ടി മറികടക്കുകയായിരുന്നു അടിയന്തരാവസ്ഥാ പ്രഖ്യാപനത്തിലൂടെ മുശർറഫ്.

1975–ൽ ശ്രീമതി ഗാന്ധി നാടകീയമായി അടിയന്തരാവസ്ഥ പ്രഖ്യാപിച്ച സംഭവവുമായി മുശർറഫിന്റെ നടപടിക്കുള്ള സാമ്യത പ്രകടമാണ്. തെരഞ്ഞെടുപ്പ് കേസിൽ ഇലഹാബാദ് ഹൈക്കോടതി തനിക്കെതിരെ നൽകിയ വിധിയെ മറികടക്കുകയായിരുന്നു ഇന്ദിരാഗാന്ധി. വിധിവന്ന ശേഷമാണ് ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതെങ്കിൽ വിധിക്കു മുമ്പേ ഒരു ചാൺ എടുത്തു ചാടുകയാണ് മുശർറഫ് ചെയ്തത്. എന്നാൽ രണ്ട് അവസ്ഥകളും തമ്മിലുള്ള പ്രധാനമായൊരു വ്യത്യാസം ശ്രദ്ധേയമാണ്. ഇന്ത്യയിൽ അന്നത്തെ സുപ്രീം കോടതിയുടെ ഭൂരിപക്ഷം അടിയന്തരാവസ്ഥക്ക് ഭരണഘടനാ സാധൂകരണം നൽകിയപ്പോൾ പാകിസ്താൻ സുപ്രീം കോടതിയുടെ ഏഴംഗ ബെഞ്ച് ഐകകണ്ഠ്യേന അത് നിരാകരിക്കാനുള്ള ആർജവം പ്രകടിപ്പിക്കുകയുണ്ടായി. ഭരണഘടന സസ്പെന്റ് ചെയ്തശേഷം താൽക്കാലിക ഭരണഘടനാ ഉത്തരവനുസരിച്ച് പുതുതായി സത്യപ്രതിജ്ഞ ചെയ്യാൻ വിസമ്മതിച്ച ജഡ്ജിമാരെ മുഴുവൻ വീട്ടുതടങ്കലിലാക്കാനാണ് ധൃഷ്ടരായത്. പുതിയ ചീഫ് ജസ്റ്റിസായി നിയമിതനായ അബ്ദുൽ ഹാമിദ് ദുഗാർ (അഭിഭാഷകനായിരുന്ന ഇദ്ദേഹം പീപ്പ്ൾസ് പാർട്ടി അനുഭാവിയാണെന്നു പറയപ്പെടുന്നുണ്ട്) അടിയന്തരാവസ്ഥ നിയമവിരുദ്ധമാണെന്ന ഏഴംഗ സുപ്രീം കോടതി ബെഞ്ചിന്റെ ഐകകണ്ഠ്യേനയുള്ള വിധി റദ്ദാക്കിയിരിക്കുകയാണ് ഇപ്പോൾ. എന്നാൽ ഇഫ്തിഖാർ ചൗധരിയെ സ്ഥാനഭ്രഷ്ടനാക്കിയപ്പോൾ മുശർറഫ് ആക്ടിംഗ് ചീഫ് ജസ്റ്റിസായി നിയമിച്ച ഭഗ്‌വാൻ ദാസ് ഏഴംഗ ബെഞ്ചിന്റെ വിധി ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും അത് റദ്ദ് ചെയ്യാൻ ഒരു അധികാരകേന്ദ്രത്തിനും നിയമപരമായ പിൻബലമില്ലെന്നും വ്യക്തമാക്കുകയുണ്ടായി.

അടിയന്തരാവസ്ഥക്കെതിരിൽ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളും അഭിഭാഷക സമൂഹവും മനുഷ്യാവകാശ പ്രസ്ഥാനങ്ങളും ഒന്നടങ്കം പ്രതിഷേധ പ്രകടനങ്ങൾ തുടരുകയാണ് പാകിസ്താനിൽ. പ്രതിഷേധ പ്രകടനത്തിന് നേതൃത്വം നൽകിയ മുത്തഹിദ മജ്‌ലിസെ അമൽ സാരഥികളും പാക് ജമാഅത്തെ ഇസ്‌ലാമി നേതാക്കളുമായ ഖാദി ഹു

സൈനും മുനവ്വർ ഹസനുമടക്കം നിരവധി രാഷ്ട്രീയ നേതാക്കൾ ഇതിനകം അറസ്റ്റിലായിട്ടുണ്ട്. ജനങ്ങളെ ഇതിനകം വേണ്ടത്ര വെറുപ്പിച്ചുകഴിഞ്ഞ ജനറലിന്റെ രാഷ്ട്രീയ ഭാവി മുമ്പെന്നത്തേക്കാളേറെ പരുങ്ങലിലാണ്. പ്രതിപക്ഷ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ഏകോപനം ശക്തിപ്പെടുന്നതിനനുസരിച്ച് മുശർറഫിന്റെ അന്തിമ പതനത്തിന് അത് ആക്കം കൂട്ടും. ഭീകരവിരുദ്ധ പോരാട്ടത്തിൽ മുശർറഫിനെ തന്റെ വലംകൈയായി കണ്ട ബുഷിനും ഇപ്പോൾ കയ്ച്ചു തുടങ്ങിയിട്ടുണ്ട്. ഭീകരതക്കെതിരായ യുദ്ധത്തിൽ മുശർറഫിന്റെ സേവനങ്ങളെ ഇപ്പോഴും ശ്ലാഘിക്കുന്ന ബുഷ് പട്ടാളവേഷം അഴിച്ചുമാറ്റി കഴിയുംവേഗം പാകിസ്താനിൽ ജനാധിപത്യം പുനഃസ്ഥാപിക്കണമെന്ന് ജനറലിനോട് ആവശ്യപ്പെടാൻ നിർബന്ധിതനായിരിക്കുകയാണ്. അപ്പോഴും മുശർറഫ് നിർദേശം മാനിക്കാത്തപക്ഷം പാകിസ്താനുള്ള സഹായം വെട്ടിക്കുറക്കുമോ എന്ന ചോദ്യത്തിന് ബുഷിന് വ്യക്തമായ മറുപടിയില്ല. പാക് രാഷ്ട്രീയത്തിന്റെ ഗതിമാറ്റം അമേരിക്കയെയാണ് അറ്റവും കൂടുതലായി ബാധിക്കുക. അമേരിക്കൻവിരുദ്ധ തരംഗങ്ങൾ അടിത്തട്ടിൽ വളരെ ശക്തമാണ് പാകിസ്താനിൽ. വസീറിസ്താൻ തുടങ്ങിയ ഗിരിമേഖലകളിലെ സൈനിക നടപടികളും ലാൽ മസ്ജിദ് പ്രതിസന്ധി കൈകാര്യം ചെയ്ത രീതിയും ഈ തരംഗങ്ങൾക്ക് ശക്തിപകരുന്ന വിധത്തിലായിരുന്നു. പൊതു തെരഞ്ഞെടുപ്പ് മുൻ നിശ്ചയ പ്രകാരം ജനുവരിയിൽ തന്നെ നടക്കുമെന്ന് പ്രധാനമന്ത്രി ശൗകത്ത് അസീസും അറ്റോർണി ജനറലും പറയുന്നുണ്ട്. അതിനു മുമ്പ് അടിയന്തരാവസ്ഥ പിൻവലിക്കപ്പെടുമോ എന്ന് കണ്ടറിയണം. അടിയന്തരാവസ്ഥ നിലനിൽക്കെയാണ് തെരഞ്ഞെടുപ്പ് നടക്കുന്നതെങ്കിൽ പ്രതിപക്ഷം അത് ബഹിഷ്കരിക്കാനാണ് സാധ്യത. സുതാര്യതയില്ലാത്ത അത്തരം ഒരു തെരഞ്ഞെടുപ്പിന് വിശ്വാസ്യത അവകാശപ്പെടാൻ സാധ്യമല്ല. ഇസ്‌ലാമിക ആഭിമുഖ്യമുള്ള മുത്തഹിദ മജ്‌ലിസെ അമൽ പോലുള്ള മുന്നണികൾ അധികാരത്തിലെത്തുന്നത് തടയാൻ അമേരിക്ക കരുക്കൾ നീക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതിന്റെ പ്രത്യാഘാതങ്ങൾ അഫ്ഗാനിസ്താനിലെ സ്വന്തം താൽപര്യങ്ങളെയാണ് അപകടപ്പെടുത്തുക എന്ന് അവർക്ക് നന്നായറിയാം. താലിബാനെ ഉന്മൂലനം ചെയ്യുന്നതിൽ അഫ്ഗാനിലെ നാറ്റോ സൈന്യത്തിന് ഇപ്പോഴും പൂർണ വിജയം നേടാൻ സാധിച്ചിട്ടില്ല. തലസ്ഥാന നഗരിക്ക് പുറത്ത് പല പ്രദേശങ്ങളും താലിബാൻ പിടിയിൽ തുടരുകയാണ്. താലിബാനുമായി സംഭാഷണമാകാമെന്ന കർസായിയുടെ സ്വരമാറ്റം യു.എസ് നയത്തിന്റെ പരാജയമാണ് വിളംബരം ചെയ്യുന്നത്. ഭീകരവിരുദ്ധ പോരാട്ടത്തിന്റെ ഭാഗമായി നാറ്റോ സേന നടത്തുന്ന ബോംബ് വർഷങ്ങളിൽ സാധാരണക്കാർ നിരന്തരം വധിക്കപ്പെടുന്നത് ചൂണ്ടിക്കാണിച്ച് ഇതിൽനിന്ന് പിന്തിരിയാൻ അഫ്ഗാൻ പ്രസിഡന്റ് കർസായിതന്നെ ഈയിടെ ആവശ്യപ്പെട്ടത് ഇവിടെ സ്മരണീയമാണ്.

വടക്കു കിഴക്കൻ അതിർത്തി പ്രദേശത്ത് പാക് സേന നടത്തുന്ന പോരാട്ടത്തിന്റെ കഥയും വ്യത്യസ്തമല്ല. താലിബാൻ സഹായികളെ വേട്ടയാടാൻ എൺപതിനായിരം പട്ടാളക്കാരെയാണ് ഇവിടെ വിന്യസിച്ചിരിക്കുന്നത്. നാലു വർഷമായി ഈ മേഖലയിൽ ജനറൽ മുശർറഫ് സ്വന്തം ജനതയോട് പൊരുതുന്നു. എന്നിട്ടും പറയത്തക്ക ഫലപ്രാപ്തിയില്ല! മാത്രമല്ല ദക്ഷിണ വസീറിസ്താനിലെ സായുധ ഗോത്രക്കാർ എട്ടു സൈനിക ഓഫീസറടക്കം 280 സൈനികരെ തട്ടിക്കൊണ്ടുപോയ നാണക്കേടുവരെയുണ്ടായി. ഇത് സൈന്യത്തിന്റെ മനോവീര്യം തകർത്തതായി പരാതിയുണ്ടായിരുന്നു. മനോവീര്യം തകർന്നതല്ല സ്വന്തം ജനതക്കു നേരെ തോക്ക് ചൂണ്ടാൻ മടിച്ച പട്ടാളക്കാർ സ്വയം പിടികൊടുത്തതാവാനാണ് സാധ്യതയെന്നാണ് ഈ സംഭവത്തെക്കുറിച്ച് മുൻ ഐ.എസ്.ഐ മേധാവി അസദ് ദുറാനി പറയുന്നത്. ഇത് പാകിസ്താന്റെ യുദ്ധമല്ലെന്നും പാകിസ്താനിലെ തന്നെ പല രാഷ്ട്രീയ പാർട്ടികളും എടുത്തോതിയ പോലെ സംഭാഷണത്തിലൂടെ രാഷ്ട്രീയ പരിഹാരം തേടേണ്ട പ്രശ്നമാണെന്നും ദുറാനി ചൂണ്ടിക്കാണിക്കുന്നു. മൂലകാരണങ്ങൾ ഇല്ലായ്മ ചെയ്യുന്നതിലൂടെയല്ലാതെ തീവ്രവാദ പ്രവണതകൾ തടയാനാവില്ലെന്നുമാണ് ദുറാനിയുടെ പക്ഷം. 90 വർഷം മേഖലയിലെ ഗോത്രവർഗങ്ങളോട് പൊരുതിയ ബ്രിട്ടീഷ് അനുഭവം ഇതിന് അദ്ദേഹം നൽകുന്ന സാക്ഷ്യം. ബി.ബി.സി സ്പോൺസർ ചെയ്യുന്ന 'ദോഹ ഡിബേറ്റി'ൽ 'അൽഖാഇദ'യുമായി സംഭാഷണം നടത്തണമെന്ന് താൻ പറഞ്ഞപ്പോൾ 600-ഓളം വരുന്ന സദസ്യരിൽ മൂന്നിൽ രണ്ട് വിഭാഗം കൈയടിച്ച അനുഭവം ഒരു പൊതുവികാരത്തിന്റെ പ്രതിനിധാനമായി കാണണമെന്ന് ദുറാനി വാദിക്കുന്നു.

തുപ്പാക്കി രാഷ്ട്രീയം കളിക്കുന്ന ജനറൽ മുശർറഫിന് വിവേകപൂർവമായ രാഷ്ട്രീയ വഴികൾ വഴങ്ങുകയില്ല. രാഷ്ട്രം അസ്ഥിരതയിലേക്ക് കൂപ്പുകുത്തുന്നത് തടയാനാണ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതെന്നാണ് ജനറലിന്റെ ന്യായം. ഇതുവരെ 'തീവ്രവാദ'ത്തിനും 'ഭീകരവാദ'ത്തിനുമെതിരെ തിരിച്ചുവെച്ച തോക്ക് ഇപ്പോൾ അദ്ദേഹം ജുഡീഷ്യറിയുടെയും മാധ്യമങ്ങളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും നേർക്കാണ് ചൂണ്ടിയിരിക്കുന്നത്. ഭരണാധികാരി ജനങ്ങളെ ഭയക്കാൻ തുടങ്ങുമ്പോഴാണ് ഏകാധിപത്യ പ്രവണതകൾ മുളപൊട്ടുന്നത്. മുശർറഫിന്റെ പ്രശ്നവും മറ്റൊന്നല്ല. കയ്ച്ച് തുടങ്ങിയ ജനറലിനെ ബുഷും ഒടുവിൽ തുപ്പിക്കളഞ്ഞുകൂടായ്കയില്ല. ബേനസീറിനെപ്പോലുള്ള 'മിതവാദി ആധുനിക' രാഷ്ട്രീയ നേതൃത്വത്തിന്റെ പിന്തുണ മുശർറഫിന് ഒരുക്കിക്കൊടുത്താൽ 'ഭീകരതക്കെതിരിലുള്ള യുദ്ധം' ജയിക്കാമെന്ന കണക്കുകൂട്ടലിലായിരുന്നു വാഷിംഗ്ടൺ. അടിയന്തരാവസ്ഥ ഈ കണക്കുകൂട്ടലുകൾ തെറ്റിച്ചിരിക്കുകയാണ്. പുതിയ രാഷ്ട്രീയ കാലാവസ്ഥ ബേനസീറിനെയും അനിശ്ചിതത്വത്തിന്റെ തടവിലേക്കാണ് തള്ളിയിട്ടിരിക്കുന്നത്. മുശർറഫിന്റെ കൂടെ ഇനിയവർക്ക് കൂടാൻ പറ്റില്ല. പ്രതിപക്ഷ രാഷ്ട്രീയത്തിന്റെ അരികു പറ്റി ഗുണഭോക്താവാകാനായിരിക്കും ഇനിയവരുടെ ശ്രമം.

ജനങ്ങളോട് യുദ്ധം ചെയ്യുന്ന ഒരു ഭരണാധികാരിയും ഏറെക്കാലം നിലനിന്നിട്ടില്ല. മുശർറഫിനെ കാത്തിരിക്കുന്ന വിധിയും അതുതന്നെയായിരിക്കും. പാകിസ്താന്റെ അസ്ഥിരതയും ശൈഥില്യവും നവകൊളോണിയൽ ശക്തികളുടെ അജണ്ടയുടെ ഭാഗമാണ്. ജനകീയ ഇഛാശക്തി നിലനിൽക്കുന്ന മുസ്‌ലിം രാജ്യങ്ങളാണ് നിയോകോണുകളുടെ മുഖ്യ ലക്ഷ്യങ്ങൾ. ഇറാനും പാകിസ്താനും ഈ പട്ടികയിൽ വരുന്നു. രാഷ്ട്രീയ നേതൃത്വത്തിന്റെ വിവേകവും ജാഗ്രതയും എന്നെത്തേക്കാളധികം ആവശ്യപ്പെടുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ പാകിസ്താനിൽ നിലനിൽക്കുന്നത്. ◆